# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4696 | 23.07.2015-ലെ മറുപടിയ്ക്ക് |
|---|---|

### ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റ്റി.വി.രാജേഷ്** | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | ചരക്ക് സേവന നികുതി 2016 ഏപ്രിൽ മാസം 1-ാം തീയതി മുതൽ നടപ്പിൽ വരുമെന്നാണ് കണക്കാക്കുന്നത്. പ്രസ്തുത ഭരണഘടനാ ഭേദഗതി ബിൽ ഇപ്പോൾ രാജ്യസഭയുടെ പരിഗണനയിലാണ്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രതലത്തിൽ എല്ലാ സംസ്ഥാനങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ട് വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ചർച്ച ചെയ്തുവരുന്നു. ഭരണഘടനാ ഭേദഗതി നടപ്പിൽ വരുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നിയമ നിർമ്മാണവും വന്നതിനുശേഷം മാത്രമേ ചരക്ക് സേവന നികുതി സംബന്ധിച്ച് കൂടുതൽ വ്യക്തത ഉണ്ടാകുകയുള്ളൂ. കൂടാതെ ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് IT Software ൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടന്നുവരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് ആകുന്ന മുറയ്ക്ക് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**